**പതിമൂന്നാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2282 — 19.06.2013-ൽ മറുപടിയ്ക്ക്

**പകർച്ചപ്പനികളും മറ്റും പടർന്നുപിടിക്കാതിരിക്കുവാനായി മുൻകരുതൽ നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) വർഷകാലമാവുമ്പോൾ സാധാരണ പടർന്നു പിടിക്കുന്ന പകർച്ചപ്പനികളും മറ്റും പടർന്നുപിടിക്കാതിരിക്കുവാനായി എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ;<br><br>(ബി) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പകർച്ച വ്യാധികളുടെ വ്യാപനം തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;<br><br>(സി) സർക്കാരിന്റെ ഇതര വകുപ്പുകളുമായി സഹകരിച്ച് പൊതുജനാരോഗ്യ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങൾ ആണ് ആരോഗ്യ വകുപ്പ് മുൻകൈ എടുത്ത് സംഘടിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ),(ബി) & (സി) കാലവർഷത്തിന് വളരെ മുമ്പ് തന്നെ പ്രതിരോധ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. സമഗ്രമായ രോഗ പ്രതിരോധ നിയന്ത്രണ പരിപാടി ആരോഗ്യ വകുപ്പ് ഇതര വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടേയും സഹകരണത്തോടെ നടപ്പിലാക്കി വരുന്നു.മഴക്കാലപൂർവ്വ ശുചീകരണവും കൊതുകിന്റെ ഉറവിട നശീകരണത്തിന് 'ഡ്രൈ ഡേ' ആചരണ കാമ്പയിനുകളും ഇതിന്റെ ഭാഗമായി നടപ്പിലാക്കി.<br><br>മുഖ്യമന്ത്രിയുടേയും ആരോഗ്യ വകുപ്പ് മന്ത്രിയുടെയും നേതൃത്വത്തിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ അവലോകനം നടത്തിവരുന്നു. ജില്ലാതലം മുതൽ വാർഡുതലം വരെ അവലോകന യോഗങ്ങൾ നടത്തുകയും രോഗം ബാധിച്ചവർക്ക് ശരിയായ ചികിത്സയും പരിചരണവും ലഭ്യമാക്കുകയും ചെയ്തു വരുന്നു. ആശുപത്രികളിൽ മരുന്നും അനുബന്ധ സാമഗ്രികളും ലഭ്യമാക്കി. മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലും പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കൂടുതൽ ഡോക്ടർമാരെയും പാരാമെഡിക്കൽ ജീവനക്കാരെയുമുൾപ്പെടെ കൂടുതൽ ജീവനക്കാരെ നിയമിച്ചു. ചികിത്സാ പ്രോട്ടോക്കോൾ എല്ലാ ആശുപത്രികൾക്കും നൽകി. രോഗം പൊട്ടിപ്പുറപ്പെട്ട സ്ഥലങ്ങളിൽ സ്പ്രേയിംഗ്, ഫോഗിംഗ് തുടങ്ങിയ പ്രതിരോധ നടപടികൾ നടത്തിവരുന്നു.<br><br>തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി ചേർന്ന് രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. ഓരോ വാർഡിനും പകർച്ചവ്യാധി പ്രതിരോധത്തിനായി 25,000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഇതിൽ ആരോഗ്യ വകുപ്പിന്റെ വിഹിതമായ 10,000/- രൂപ നൽകി കഴിഞ്ഞു. ആരോഗ്യ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പ്/തദ്ദേശ സ്വയം ഭരണ പ്രതിനിധി/പൊതുപ്രവർത്തകരുടെ യോഗം ചേർന്ന് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തി. ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ് വഴി കൊതുക് നശീകരണ പ്രവർത്തനങ്ങളും കൊതുക് സാന്ദ്രതാ പഠനവും നിരന്തരമായി നടത്തിവരുന്നു. എലിപ്പനി, ഡെങ്കിപ്പനി |

| | |
|---|---|
| | എന്നിവയുടെ പ്രതിരോധം, ചികിത്സ എന്നിവയെപ്പറ്റി ബോധവൽക്കരണ പ്രവർത്ത നങ്ങൾ സംഘടിപ്പിച്ചു<br><br>ജില്ല,കോർപ്പറേഷൻ,മുനസിപ്പാലിറ്റി , ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ മാർച്ച് മാസത്തിൽ ഇന്റർസെക്ടറൽ കോ-ഓർഡിനേഷൻ യോഗ ങ്ങളും, ദ്രുതകർമ്മ സേന (ആർ.ആർ.റ്റി) യോഗങ്ങളും നടത്തി. വാർഡ്തല ആരോഗ്യ ശുചിത്വ സമിതികൾ യോഗം ചേർന്ന് രോഗ പ്രതിരോധ ക്യാമ്പെയിനുകൾ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരുടേയും, ആശ, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ, ഇതരവകുപ്പ് ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ, എൻ.സി.സി, സ്റ്റുഡന്റ് പോലീസ് തുടങ്ങിയവരുടെ സഹകരണ ത്തോടെ ആവർത്തിച്ച് നടപ്പിലാക്കി ഓരോ ജില്ല യിലും പല പ്രദേശങ്ങളിലായി ആരോഗ്യ സന്ദേശ യാത്ര സംഘടിപ്പിച്ചു. ഇതിന് മൈക്ക് പബ്ലിസിറ്റി, സി.ഡി.ഷോ, പ്രദർശനങ്ങൾ, നാടൻകലകൾ തുടങ്ങിയ ഉപാധികൾ സ്വീകരിച്ചു. |
| (ഡി) സംസ്ഥാനത്ത് എല്ലാ പ്രാഥമി കാരോഗ്യ കേന്ദ്രങ്ങളിലും ഡോക്ടർമാരുടെ സേവനം ഉറപ്പുവ രുത്തുന്നതിനായി എന്തെല്ലാം നപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ഡി) സംസ്ഥാനത്ത് മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ എല്ലാ സർക്കാർ ആശുപത്രികളിലും ഡോക്ടർമാർ ഉൾപ്പെടെ യുള്ള ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഒഴിവുള്ള തസ്തികകളിൽ താല്ക്കാലിക നിയമനം നടത്തിയിട്ടുണ്ട്. |
| (ഇ) ഒറ്റപ്പാലം അസംബ്ലി മണ്ഡ ലത്തിലെ താലൂക്ക് ആശുപത്രി ഉൾപ്പെ ടെയുള്ള ആശുപത്രികളിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ? | (ഇ) ഏഴ് |
| (എഫ്) ഓരോ ആശുപത്രി യിലെയും ഡോക്ടർമാരുടെ അനുവദിക്കപ്പെട്ട തസ്തികയും , ഒഴിവുകളും സംബന്ധിച്ച വിശദമായ സ്റ്റേറ്റ്മെന്റ് നൽകാമോ; | (എഫ്) ഉത്തരം അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (ജി) ഒഴിവുകൾ നികത്തുന്ന തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ജി) ഒഴിവുള്ള തസ്തികകളിൽ താല്ക്കാലിക നിയമനം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അനുവദിച്ച തസ്തിക | ഒഴിവുകൾ | | | |
|---|---|---|---|---|---|---|
| | | | അസി സർജൻ | സിവിൽ സർജൻ | സ്പെഷ്യാലിറ്റി കേഡർ | ദന്തൽ സർജൻ |
| 1 | താലൂക്ക് ആശുപത്രി, ഒറ്റപ്പാലം | 19 | | | 5 | 1 |
| 2 | സി.എച്ച്.സി. അമ്പലപ്പാറ | 3 | | | | |
| 3 | സി.എച്ച്.സി. കടമ്പഴിപ്പുറം | 5 | 1 | | | |
| 4 | സി.എച്ച്.സി. ചെർപ്പുളശ്ശേരി | 2 | | | | |
| 5 | പി.എച്ച്.സി. കോട്ടപ്പുറം | 1 | | | | |
| 6 | പി.എച്ച്.സി. ലക്കിടി | 1 | | | | |
| 7 | പി.എച്ച്.സി. പൊരൂർ | 1 | | | | |
| 8 | പി.എച്ച്.സി. പൂക്കോട്ടുകാവ് | 1 | | | | |
| 9 | പി.എച്ച്.സി. ശ്രീകൃഷ്ണപുരം | 2 | | | | |
| 10 | പി.എച്ച്.സി. അപ്പാറ | 1 | | | | |
| | ആകെ | 36 | 1 | 0 | 5 | 1 |

SO